കൃ.ഐ.പി.2/876326/2023/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 23/09/2023
supdtqip.dge@kerala.gov.in

സർക്കുലർ

വിഷയം :– പൊതുവിദ്യാഭ്യാസ വകുപ്പ് -സഹിതം മെന്ററിംഗ് പോർട്ടൽ – ഒന്ന് മുതൽ ഏഴ് വരെ ക്ലാസുകളിലെ കുട്ടികളുടെ ഒന്നാം പാദവാർഷിക മെന്ററിംഗ് രേഖപ്പെടുത്തലുകൾ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :– 1. സ.ഉ (സാധാ) നമ്പർ.763/2020/പൊ.വി.വ തീയതി. 14/02/2020.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/01/2023 ലെ കൃ.ഐ.പി.2/876326/2023/ഡി.ജി.ഇ നമ്പർ സർക്കുലർ.

****

പൊതുവിദ്യാലയങ്ങളിൽ ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ കുട്ടികളുടെ മെന്ററിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിന് സൂചന (2) പ്രകാരം നിർദ്ദേശം നൽകുകയും സ്കൂളുകൾ നടപ്പാക്കുകയും ചെയ്തു. 2023–24 അദ്ധ്യയന വർഷവും കുട്ടികൾക്ക് മെന്ററിംഗ് നൽകേണ്ടതുണ്ട്. ഈ വർഷത്തെ മെന്ററിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മെന്ററിംഗ് പ്രവർത്തനങ്ങൾ നടത്താത്ത സ്കൂളുകൾ ഉണ്ടെങ്കിൽ അത് വീഴ്ചയായി കണക്കാക്കുന്നതാണ്.
2. ഒന്നാം പാദ വാർഷിക മൂല്യ നിർണ്ണയ പ്രവർത്തനങ്ങളുടെ തുടർച്ചയായി സഹിതം മെന്ററിംഗ് പോർട്ടലിൽ ഒന്ന് മുതൽ ഏഴ് വരെ ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളുടെയും മെന്ററിംഗ് വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. (പോർട്ടലിൽ മെന്റർ – മെന്റി മാപ്പിങ്ങ് പൂർത്തിയാക്കി, സൂചകങ്ങളെ അടിസ്ഥാനമാക്കി കുട്ടിയുടെ പഠന നില, മെന്ററുടെ അഭിപ്രായങ്ങൾ, കുട്ടിയുടെ സവിശേഷ കഴിവുകൾ എന്നിവ പോർട്ടലിലേക്ക് ഉൾപ്പെടുത്തി കുട്ടിയുടെ ഡിജിറ്റൽ സ്റ്റുഡന്റ് പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.)
3. കുട്ടിയുടെ പഠന നിലവാരം, പഠന പുരോഗതി തുടങ്ങിയവ അവരവരുടെ രക്ഷകർത്താക്കളെ അറിയിക്കുന്നതിന് ഡിജിറ്റൽ സ്റ്റുഡന്റ് പ്രൊഫൈൽ നൽകാവുന്നതാണ്.

4. കുട്ടിയുടെ പഠന നില മനസ്സിലാക്കി പഠന പ്രവർത്തനങ്ങളിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി കുട്ടിയുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിന് ഡിജിറ്റൽ സ്റ്റുഡന്റ് പ്രൊഫൈൽ അധ്യാപകർ പ്രയോജനപ്പെടുത്തേണ്ടതാണ്.
5. ഒന്നാം പാദ വാർഷിക രേഖപ്പെടുത്തലുകൾ സെപ്റ്റംബർ 30 ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.
6. ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ അവരവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രമിക്കേണ്ടതും അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ അത് ഉറപ്പുവരുത്തേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും.

പകർപ്പ് :-

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും.
സ്റ്റോക്ക് ഫയൽ

A.A